മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: കൂടുതൽ ജോലി ചെയ്യുന്നവർക്ക് ഓവർടൈയും അലവൻസ് കൊടുക്കുവാൻ എന്താണ് വിരോധം?

റാവു ബഹദൂർ ടി. കെ. നായർ: അവരെ മനഃപൂർവ്വം ഫാക്ടറിയെപ്പറ്റി മണിക്കൂറും ജോലിയെടുപ്പിക്കണമെന്നില്ല. തല്ക്കാലം ആൾ കുറവായതിനാൽ കൂടുതൽ സമയം ജോലി ചെയ്യുന്നു എന്നേയുള്ളൂ.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: ഫാക്ടറിയിൽ കൂടുതൽ ജോലി ചെയ്താൽ കൂടുതൽ അലവൻസ് കൊടുക്കണമെന്ന് ഗവണ്മെണ്ടു നിർബ്ബന്ധിക്കുന്നില്ലെ?

റാവു ബഹദൂർ ടി. കെ. നായർ: ഫാക്ടറി നിയമം ഗവണ്മെണ്ടു സ്വിറ്റ്സ്സിൽ ഉള്ളവർക്ക് apply ചെയ്താൽ അതു ശരിയാകുമെന്നു ഞാൻ വിശ്വസിക്കുന്നില്ല.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ഈ നഴ്സുമാർ പ്രവർത്തി എടുക്കുന്നതു Lobour of love ആയിട്ടല്ലെ പരിഗണിക്കപ്പെടുന്നതു?

റാവു ബഹദൂർ ടി. കെ. നായർ: വേണ്ടതുണ്ടിനെയാണ്. പക്ഷെ നടപ്പു love for money ആയിട്ടല്ലെ?

മിസ്റ്റർ പി. ടി. ജേക്കബ്: മട്ടാഞ്ചേരിയിലേക്കു കൂടുതൽ നഴ്സുമാരെ അയക്കാമെന്നു പറഞ്ഞുവല്ലൊ. അവിടെ Maternity Hospital-ൽ അവർക്കു താമസിക്കാനുള്ള സൌകര്യമുണ്ടാക്കി കൊടുക്കുമൊ?

റാവു ബഹദൂർ ടി. കെ. നായർ: Maternity Hospital-ന്റെ സംഗതി ഗവണ്മെണ്ടു വളരെ ഗൌരവമായി ആലോചിക്കുന്നുണ്ടു്. അവിടെ രോഗികൾക്കുതന്നെ വേണ്ടത്ര സ്ഥലം ഇടപ്പാൾ ഇല്ലാതെയാണിരിക്കുന്നതു്. വളരെ വേഗത്തിൽ അതിനുള്ള ഏർപ്പാടു ചെയ്യണമെന്നാണു് ആഗ്രഹം.

മിസ്റ്റർ പി. കെ. ഡീവർ: നഴ്സുമാരെപ്പോലെതന്നെ അവിടത്തെ സർവൻസും അറൻറേഴ്സും, ഫാക്ടറി മണിക്കൂർ ജോലി എടുക്കുന്നുണ്ടൊ?

റാവു ബഹദൂർ ടി. കെ. നായർ: ഉണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: നഴ്സുമാർക്കു് സൈറൺ ഡ്യൂട്ടിയുണ്ടൊ?

റാവു ബഹദൂർ ടി. കെ. നായർ: ഉണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: എത്ര മണിക്കൂറുണ്ടു്?

റാവു ബഹദൂർ ടി. കെ. നായർ: ഫാക്ടറി മണിക്കൂറായിരിക്കാം.

Mr. President: But, does the question relate to this, Here it is about nurses, the Hon'ble Member is speaking about servants.

CENTRAL FARM—CULTIVATION IN

346. മിസ്റ്റർ എം. കെ. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മറുപടി പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെണ്ടിനു് ദയവുണ്ടാകുമൊ.—

(എ) ഗവണ്മെണ്ടു് സെൻട്രൽ ഫാമത്തിൽ കൊല്ലന്തോറും എന്തെല്ലാം കൃഷികളാണു് നടത്തുന്നതു്;

(ബി) താഴെ പറയുന്ന ഇനങ്ങൾ സെൻട്രൽ ഫാമത്തിൽ കൃഷി ചെയ്യുന്നുണ്ടോ;

(എ) നെല്ലു് (ബി) കരിമ്പു് (സി) കൈതച്ചക്ക (ഡി) നേന്ത്രവാഴ;

(സി) ബി.യിൽ പറയുന്ന ഇനങ്ങൾ കൃഷി ചെയ്യുന്നുണ്ടെങ്കിൽ ഓരോ ഇനവും എത്ര ഏക്കർ സ്ഥലത്തു കൃഷിചെയ്യുന്നുണ്ടു്;

(ഡി) മേല്പറഞ്ഞ ഓരോ ഇനം കൃഷിക്കും ചിലവെത്ര;

(ഇ) ഓരോ ഇനത്തിൽനിന്നുമുള്ള വരവെത്തു്?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി:

(എ) നെല്ലു്, കരിമ്പു്, നേന്ത്രവാഴ, കൈത, കാപ്പി, മുതിര, ചാമ, റാഗി, കിഴങ്ങുവർഗ്ഗങ്ങൾ, പയറുവർഗ്ഗങ്ങൾ മുതലായവ കൃഷി ചെയ്യുന്നു.

(ബി) കൃഷി ചെയ്യുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഓരോ ഇനവും കൃഷിചെയ്യുന്ന എക്കർ.

	൧൯൭൫	
നെല്ല്	൪൭൦.൦൦	ഏക്കർ
കരിമ്പ്	൧.൫൦	,,
കൈതച്ചക്ക	൧.൫൦	,,
നേന്ത്രവാഴ	൩.൦൦	,,

സ്ഥലത്തു കൃഷിചെയ്യ.

(ഡി) ൧൯൭൫-ൽ

	ക.	ണ.	സ.
നെല്ല്	൪,൩൩൩	൧൦	൦
കരിമ്പ്	൭൪൩	൭	൦
കൈതച്ചക്ക	൫൭൩	൧൫	൫
നേന്ത്രവാഴ	൫,൫൩൫	൪	൩

(ഇ) ൧൯൭൫.

	ക.	ണ.	സ.
നെല്ല്	൩, ൭൭൧	൧൫	൩
കരിമ്പ്	൧, ൦൫൪	൪	൩
കൈതച്ചക്ക	൭൩൦	൧൪	൫
നേന്ത്രവാഴ	൧, ൭൩൫	൫	൧൧

മിസ്റ്റർ എം. കെ. വർഗ്ഗീസ്: കൈതച്ചക്കയിലും നേന്ത്രവാഴയിലും നഷ്ടം വരാനുള്ള കാരണമെന്താണ്?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അങ്ങിനെ വരാനുള്ള കാരണം എന്താണെന്നു് പറയാൻ സാദ്ധ്യമല്ല.

ROAD CONNECTING HERBERT BRIDGE, KARANCHIRA AND CHERPU—TRIPRAYAR ROAD

347. മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറിയതു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗതമെന്നു് മറുപടി പറയാമോ —

(എ) കരാഞ്ചിറ "ഹെർബർട്ട് ബ്രിഡ്ജ്" പണി തീർത്തതു് പാലത്തിന്റെ പടിഞ്ഞാറുഭാഗത്തു അധിവസിക്കുന്ന ജനങ്ങളുടെ യാത്രാസൌകര്യങ്ങൾക്കുകൂടി ഉദ്ദേശിച്ചല്ലെ;

(ബി) ചേർപ്പു്-തൃപ്രയാർ റോഡിലേക്കു് ഒരു P. W. D. റോഡില്ലാത്തതുകൊണ്ടു് ആ നാട്ടുകാർ വളരെ യാത്രക്ലേശങ്ങൾ അനുഭവിക്കുന്നുണ്ടെന്നു് ഗവൺമെന്റു് ധരിച്ചിട്ടുണ്ടോ;

(സി) റോഡു ബോർഡു് കമ്മിറ്റിക്കാർ ഏതുകൊല്ലത്തിലാണു് പ്രസ്തുത വഴിയുടെ അത്യാവശ്യകതയെ സംബന്ധിച്ചു് അന്വേഷിച്ചു റിപ്പോർട്ടുചെയ്തിട്ടുള്ളതു്;

(ഡി) ഈ റോഡുപണി ഇതുവരെ തുടങ്ങാത്തതിനു പ്രത്യേക കാരണങ്ങൾ ഉണ്ടോ?

റാവു സാഹിബു് കെ. അയ്യപ്പൻ:

(എ) അതെ.

(ബി) പാലത്തിന്റെ പടിഞ്ഞാറുഭാഗത്തു് തൃപ്രയാർ റോഡിലേക്കു ഇപ്പോൾ ഒരു പഞ്ചായത്തു റോഡു് ഉണ്ടു്. കൂടുതൽ ഉപയോഗപ്രദമായ ഒരു റോഡു് തുറക്കുന്നതു നന്നായിരിക്കും.

(സി) ൧൯൭൫-ൽ ഈ റോഡുകാര്യത്തെപ്പറ്റി റോഡു ബോർഡു് കമ്മിറ്റിക്കാർ ആലോചിക്കുകയുണ്ടായി. പക്ഷെ ഇതിനേക്കാൾ കൂടുതൽ പ്രാധാന്യമുള്ള പണികൾ ചെയ്യേണ്ടതുണ്ടായിരുന്നതുകൊണ്ടു് റോഡു് ബോർഡിന്റെ ഇത്തവണത്തെ പ്രോഗ്രാമിൽ ഈ പണികൾ പെടുത്തിയിട്ടില്ല.

(ഡി) സി ഖണ്ഡത്തിലെ മറുപടി നോക്കുക.

COMPLAINT AGAINST MR. P. K. ABDULLA, Ex. ASSISTANT SUPPLY OFFICER

348. മിസ്റ്റർ പി. നാരായണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ഗവൺമെന്റു് സദയം മറുപടി പറയുമോ.—

LIBRARY ARCHIVES Kerala Legislative Assembly